"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.സി.സുധാകരപ്പണിക്കർ ബി.ഡി.ഒ(റിട്ട.)- നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.2/2023/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി:01.01.2023**

പരാമർശം:
1. സ.ഉ.(സാധാ)നം.299/2007/തസ്വഭവ തീയതി 25.01.2007.
2. Crl.R.P No.882/2014-മേൽ ബഹു. ഹൈക്കോടതിയുടെ 25.07.2016 ലെ വിധിന്യായം.
3. സ.ഉ.(സാധാ)നം.499/2020/തസ്വഭവ തീയതി 28.02.2020.
4. ഡയറക്ടർ എൽ.എസ്.ജി.ഡി.(റൂറൽ)-ന്റെ 10.02.2021-ലെ121/ എസ്റ്റാ.എ.1/ 2021/ സിആർഡി നമ്പർ കത്ത്.
5. 31.05.2022-ലെ തസ്വഭവ-ഇആർഎ 3/46/2021/തസ്വഭവ നമ്പർ സർക്കാർ വിജ്ഞാപനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൊടുവള്ളി ബ്ലോക്കിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി 31.05.2007-ൽ വിരമിച്ച ശ്രീ.സി.സുധാകരപ്പണിക്കർക്കെതിരെ വിജിലൻസ് കേസ് നിലനിന്നിരുന്നതിനാൽ ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. ടിയാനെ പരാമർശം (2) പ്രകാരം കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാലും, പരാമർശം (3)പ്രകാരം ടിയാന്റെ 28.02.2005 മുതൽ 23.10.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും അലവൻസുകളും സഹിതം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുള്ളതിനാലും, 25.01.2007 മുതൽ ലഭിക്കേണ്ടിയിരുന്ന സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.സുധാകരപ്പണിക്കർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാനെ കുറ്റവിമുക്തനാക്കിയ സാഹചര്യത്തിലും സസ്പെൻഷൻ കാലം എല്ലാ ആനുകൂല്യങ്ങളോടും കൂടി ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുള്ളതിനാലും ടിയാന്റെ ജൂനിയർ ആയ ശ്രീ.കെ.പി. ജോസഫിന് സ്ഥാനക്കയറ്റം നൽകിയ തീയതിയായ 25.01.2007 പ്രാബല്യത്തിൽ ശ്രീ.സുധാകരപ്പണിക്കർക്ക് നോഷണൽ പ്രമോഷന് അർഹതയുണ്ടെന്ന് ഡയറക്ടർ എൽ എസ് ജി ഡി (റൂറൽ) പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയം പരിശോധിക്കുവാനായി 17.05.2022-ൽ അഡ്ഹോക് ഡി.പി.സി യോഗം ചേരുകയുണ്ടായി. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള 2006-ലെ No. 6160/EA3/2006/LSGD

പ്രകാരമുള്ള സെലക്ട് ലിസ്റ്റ് പുനർനിർണ്ണയിച്ച് ശ്രീ.സി.സുധാകരപ്പണിക്കരെ, ക്രമ നം.2 ശ്രീ.ശിവദാസൻ. എം, ക്രമ നം 3 ശ്രീ.ജോസഫ് കെ.പി. എന്നിവർക്കിടയിലായി ക്രമ നം 2A ആയി ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം സെലക്ട് ലിസ്റ്റ് പുനർനിർണ്ണയിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, ശ്രീ.സി.സുധാകരപ്പണിക്കർ-ന്റെ ജൂനിയർ ആയ ശ്രീ.കെ.പി.ജോസഫ് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിൽ ചാർജെടുത്ത തീയതിയായ 09.02.2007 പ്രാബല്യത്തിൽ ശ്രീ.സി. സുധാകരപ്പണിക്കർ-ന് ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു. നോഷണൽ പ്രൊമോഷനെതുടർന്ന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനഃക്രമീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
BALUMAHENDRA. B
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ നന്തൻകോട്, തിരുവനന്തപുരം
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ നന്തൻകോട്, തിരുവനന്തപുരം
ശ്രീ.സി.സുധാകരപ്പണിക്കർ, ഗോകുലം, കുതിരവട്ടം പി.ഒ, കോഴിക്കോട്-16
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ